പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3425

24.06.2013-ൽ മറുപടിക്ക്.

## പോലീസ് സ്റ്റേഷനുകളിൽ ഹെൽപ് ഡെസ്കുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എ. റ്റി. ജോർജ്<br>ശ്രീ. എം. പി. വിൻസെന്റ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വനിതകളുടെ പരാതികൾ കേൾക്കുന്നതിനും അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനുമായി പോലീസ് സ്റ്റേഷനുകളിൽ ഹെൽപ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ടോ ; | : (എ) പ്ലാൻ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്ന ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം ഓൺ ജെൻഡർ അവയർനസ് സ്കീമിൽ 300 പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | : (ബി) വനിതകൾക്കും പെൺകുട്ടികൾക്കും നേരിട്ട് പോലീസ് സ്റ്റേഷനുകളിൽ ചെന്ന് നിർഭയമായി പരാതി ബോധിപ്പിക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെയാണ് വനിതാ ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചിട്ടുള്ളത്. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കാനുദ്ദേശിക്കുന്നത് ; | : (സി) പോലീസ് വകുപ്പ് നേരിട്ടാണ് വനിതാ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിച്ചുവരുന്നത്. ഇതിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആവശ്യമായി വരുന്ന സ്ഥലങ്ങളിൽ അതിനായി കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ (കെ.പി.എച്ച്.സി.സി.) ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ഇതിനായി ഏതെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | : (ഡി) 300 പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുന്നതിന് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുക കെ.പി.എച്ച്.സി.സി.ക്ക് കൈമാറിയിട്ടുണ്ട്. ഹെൽപ്പ് ഡെസ്കുകൾക്ക് ആവശ്യമായ ഫർണീച്ചറുകൾ പോലീസ് ആസ്ഥാനത്ത് നിന്നും വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ ഇൻഫ്രാസ്ട്രക്ച്ചറിനായി ജില്ലാ പോലീസ് മേധാവിമാർക്ക് കഴിഞ്ഞവർഷം തന്നെ ഫണ്ട് അനുവദിച്ചിട്ടുള്ളതും ആയത് പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ